ENTRI

1 Crore User Downloads

# CURRENT AFFAIRS 11 JUNE 2025

▷ **ഇലോൺ മസ്കിന്റെ വൈദ്യുതകാർ നിർമാണ കമ്പനിയായ ടെസ്‌ലയുടെ ഹ്യൂമനോയിഡ് റോബോട്ട് പദ്ധതിയുടെ തലവനായി നിയമിതനായ ഇന്ത്യൻവംശജൻ**
അശോക് എള്ളുസ്വാമി




അശോക് എള്ളുസ്വാമി

---

▷ **ഭൂമിയോടടുത്തുള്ള 469219 കാമോലിവ (469219 Kamo'oalewa) എന്ന ഛിന്നഗ്രഹത്തിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കാൻ ചൈന വിക്ഷേപിച്ച പേടകം**
ടിയാൻവെൻ-2

- തെക്കുപടിഞ്ഞാറൻ ചൈനയിലെ സിചാങ് സാറ്റലൈറ്റ് ലോഞ്ച് സെന്ററിൽ നിന്ന് ലോംഗ് മാർച്ച് 3B കാരിയർ റോക്കറ്റ് ഉപയോഗിച്ചാണ് ടിയാൻവെൻ-2 പേടകം വിക്ഷേപിച്ചത്.



---

▷ **2025 ജൂണിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച വെസ്റ്റിൻഡീസിന്റെ വിക്കറ്റ് കീപ്പർ ബാറ്റർ**
നിക്കോളാസ് പൂരൻ

- ട്വന്റി 20 ക്രിക്കറ്റിൽ വെസ്റ്റിൻഡീസിനായി ഏറ്റവും കൂടുതൽ ടി20 മത്സരങ്ങൾ കളിച്ച താരവും, ഏറ്റവും കൂടുതൽ റൺസെടുത്ത താരവുമാണ് നിക്കോളാസ് പൂരൻ.




നിക്കോളാസ് പൂരൻ

---

▷ **തപാൽ ഇടപാടുകൾക്ക് ഉപയോഗിക്കുന്ന പിൻകോഡ് പോലെ, ഡിജിറ്റലായി വിലാസങ്ങൾ അടയാളപ്പെടുത്താനും കണ്ടെത്താനും തപാൽ വകുപ്പ് അവതരിപ്പിച്ച സംവിധാനം**
ഡിജിറ്റൽ പോസ്റ്റൽ ഇൻഡക്സ് നമ്പർ (DIGIPIN)

- തപാൽ വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ മേൽവിലാസത്തിൽ എത്തിക്കാൻ സഹായിക്കുന്ന സംവിധാനമാണ് ഡിജിപിൻ.
- സാധാരണ ഉപയോഗിക്കുന്ന വിലാസങ്ങളെക്കാൾ വളരെ കൃത്യമായി ഒരു സ്ഥലം എവിടെയാണെന്ന് ഈ ഡിജിപിൻ ഉപയോഗിച്ച് കണ്ടെത്താൻ സാധിക്കും.
- തപാൽ വകുപ്പും ഐഐടി ഹൈദരാബാദും ചേർന്നാണ് ഈ നൂതന സംവിധാനം വികസിപ്പിച്ചെടുത്തത്.




---

▷ **2025ലെ യുഎൻ സുരക്ഷാ കൗൺസിലിന്റെ താലിബാൻ ഉപരോധ സമിതിയുടെ അധ്യക്ഷസ്ഥാനവും 15 രാജ്യങ്ങളുള്ള യുഎൻ ബോഡിയുടെ തീവ്രവാദ വിരുദ്ധ സമിതിയുടെ വൈസ് ചെയർമാൻ സ്ഥാനവും ലഭിച്ച രാജ്യം**
പാകിസ്താൻ